# ADMISSION SUPERVISORY COMMITTEE
# FOR PROFESSIONAL COLLEGES IN KERALA


HEAD OFFICE:
T.C. 15/1553-4, PRASANTHI BUILDINGS,
M.P. APPAN ROAD,
VAZHUTHACAUD,
THIRUVANANTHAPURAM – 695 014.
PHONE: 0471-2335133
FAX:0471-2335134

CHAIRMAN
JUSTICE R. RAJENDRABABU

MOBILE (OFFICE): +91 8547255133

ERNAKULAM OFFICE:
RAM MOHAN PALACE
OLD HIGH COURT BUILDING
ERNAKULAM – 682 031
PHONE/FAX : 0484 2394311.

*E-MAIL:justicerajendrababucommittee@gmail.com*


തിരുവനന്തപുരം
**08.03.2018**

**കെ മാറ്റ് കേരള 2018 പരീക്ഷയ്ക്കുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങി**

എംബിഎ 2018-19 അക്കാഡമിക് വർഷത്തെ പ്രവേശനത്തിനായുള്ള കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും പ്രവേശനമേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന കെ മാറ്റ് കേരള 2018 ന്റെ ഇ വർഷത്തെ രണ്ടാമത്തെ പ്രവേശന പരീക്ഷ 2018 ജൂൺ 24 ന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിലും ബെംഗളൂരു , മംഗളുരു, ചെന്നൈ, കോയമ്പത്തൂർ എന്നി കേന്ദ്രങ്ങളിലും വച്ച് നടത്തുന്നതാണ് .

കേരളത്തിനു പുറത്തെ കേന്ദ്രങ്ങളിൽ കുറഞ്ഞത് 100 അപേക്ഷാർത്ഥികൾ ഇല്ലാത്ത പക്ഷം അപേക്ഷകരെ തൊട്ട് അടുത്ത കേന്ദ്രത്തിലേക്ക് മാറ്റുന്നതാണ് . അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും പരീക്ഷ ഫലം പ്രതീക്ഷിക്കുന്നവർക്കും കെ മാറ്റ് കേരള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ് .

അപേക്ഷകൾ മാർച്ച് 9 വൈകുന്നേരം 5 മണി മുതൽ ഓൺലൈനായി സമർപ്പിക്കാവുതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനും വിശദ വിവരങ്ങൾക്കും kmatkerala.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി 07.06.2018 വൈകുന്നേരം 5 മണി വരെ ആണ്. അപേക്ഷാഫീസ് : ജനറൽ വിഭാഗത്തിന് 1000 രൂപയും എസ് സി /എസ് റ്റി വിഭാഗത്തിന് 750 രൂപയും ആണ്. അപേക്ഷാ ഫീ ഏതൊരു കാരണവശാലും തിരികെലഭിക്കുന്നതല്ല

കെ മാറ്റ് കേരള , സി മാറ്റ് , ക്യാറ്റ് [ജനറൽ വിഭാഗത്തിന് 15% എസ്ഇബിസി ( SEBC) വിഭാഗത്തിന് 10% എസ് സി /എസ് റ്റി വിഭാഗത്തിന് 7.5%] എന്നീ പ്രവേശന പരീക്ഷകളിൽ ഏതെങ്കിലും ഒന്നിൽ അർഹത നേടിയവർക്ക് മാത്രമേ കേരളത്തിലെ എല്ലാ സർവകലാശാലകളിലും അതിനു കീഴിലുള്ള എംബിഎ കോളേജുകളിലും പ്രവേശനം ലഭിക്കുകയുള്ളൂ.

സംശയ നിവാരണങ്ങൾക്കും കൂടുതൽ വിവരങ്ങൾക്കുമായി പ്രവേശന മേൽനോട്ട സമിതിയുടെ തിരുവനന്തപുരം ഓഫീസിലെ 8547255133 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**Sd/-**
ചെയർമാൻ



**SB**